<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967</u> <u>31-01-2024 - ൽ മറുപടിയ്ക്ക്</u>

<u>ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ട തുക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈറ്റ,കാട്ടുവള്ളി,തഴ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വിൽപ്പന നടത്തുന്നതിന്റെ നിശ്ചിത ശതമാനം തുക വനം വകുപ്പിൽ നിന്നും കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ടതിൽ ഇനി നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | സതേൺ സർക്കിളിന്റെ പരിധിയിലുള്ള വിവിധ ഡിവിഷനുകളിൽ നിന്നും ഈറ്റ, കാട്ടുവള്ളി, തഴ തുടങ്ങിയ അസംസ്കൃതവസ്തുക്കൾ വിൽപ്പന നടത്തിയതിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് 34,32,453/- രൂപ നൽകാനുണ്ട്. ആയതിൽ കോന്നി ഡിവിഷന്റെ പരിധിയിൽ 2,51,239/-രൂപയും റാന്നി ഡിവിഷനിൽ 29,65,042/-രൂപയും, തിരുവനന്തപുരം ഡിവിഷനിൽ നിന്നും 2,16,172/-രൂപയും നൽകാനുണ്ട്. മറ്റ് സർക്കിളുകളിൽ നിന്നും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് വിഹിതമൊന്നും നൽകാനില്ല. |
| (ബി) | ആയത് സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ബി) | **റാന്നി ഡിവിഷനിൽ 01.01.1999 മുതൽ 2014 വരെ എച്ച്.എൻ.എൽ-ന് ഈറ്റ, മുള എന്നിവ അനുവദിച്ചതിന് ക്ഷേമനിധി വിഹിതമായ 29,65,042/- രൂപ അടയ്ക്കുന്നതിനെതിരെ എച്ച്.എൻ.എൽ ബഹു. ഹൈക്കോടതിയിൽ ഒ.പി.നം.38575/2001 നമ്പരായി കേസ് ഫയൽ ചെയ്യുകയും, ടി കേസിൽ ക്ഷേമനിധി വിഹിതം അടക്കുന്നതിന് ഇന്ററിം സ്റ്റേ അനുവദിച്ച് ടി കേസ് ഡിസ്പോസ് ചെയ്തിട്ടുള്ളതും, തുടർന്ന് ഐ.എ.1776/2014 നമ്പരായി 07.02.2014-ൽ കേസ് റീ ഓപൺ ചെയ്ത് ബഹു. കേരള ഹൈക്കോടതിയിൽ കേസ് തുടർന്ന് വരികയുമാണ്.** M/s.എച്ച്.എൻ.എൽ-ൽ നിന്നും തുക ഈടാക്കുന്നത് കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മാത്രമേ സാധിക്കുകയുള്ളൂ. M/s.എച്ച്.എൻ.എൽ-ന്റെ പ്രവർത്തനം നിലവിൽ അവസാനിപ്പിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ